2009, ഖുത്വ്ബ നമ്പര് - 46

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

13.11.2009
ബയ്ത്തുൽ ഫുതൂഹ്,
ലണ്ടൻ

اَلَاۤ اِنَّ اَوۡلِیَآءَ اللّٰہِ لَا خَوۡفٌ عَلَیۡہِمۡ وَلَا ہُمۡ یَحۡزَنُوۡنَ ﴿۶۳﴾ الَّذِیۡنَ اٰمَنُوۡا وَکَانُوۡا یَتَّقُوۡنَ ﴿۶۴﴾ لَہُمُ الۡبُشۡرٰی فِی الۡحَیٰوۃِ الدُّنۡیَا وَفِی الۡاٰخِرَۃِ ؕ لَا تَبۡدِیۡلَ لِکَلِمٰتِ اللّٰہِ ؕ ذٰلِکَ ہُوَ الۡفَوۡزُ الۡعَظِیۡمُ ﴿۶۵﴾

(10:63-65)

ഈ ആയത്തുകളുടെ അർത്ഥം ഇപ്രകാരമാണ്. അറിയുക തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങൾ, അവർക്ക് ഒരു ഭയവും ഉണ്ടായിരിക്കുകയില്ല.; അവർ വ്യസനിക്കുകയുമില്ല. വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുന്നവരായി നിലകൊള്ളുകയും ചെയ്യുന്നവരാണ് (അവർ). അവർക്ക് ഇഹലോകത്തും പരലോകത്തും സന്തോഷവാർത്തകളുണ്ട്. അല്ലാഹുവിന്റെ വചനങ്ങൾക്ക് ഒരു മാറ്റവും ഇല്ല. അതുതന്നെയാണ് മഹത്തായ വിജയം.

ഈ വചനങ്ങളിൽ അല്ലാഹു അവന്റെ മിത്രങ്ങളുടെ അവസ്ഥകളെക്കുറിച്ചും ഗുണങ്ങളെക്കുറിച്ചുമാണ് പരാമർശിച്ചിരിക്കുന്നത്. അതായത് لَا خَوۡفٌ عَلَیۡہِمۡ അവർക്ക് ഒരു ഭയവും ഉണ്ടായിരിക്കുകയില്ല. രണ്ടാമത്തേത് وَلَا ہُمۡ یَحۡزَنُوۡنَ അവർ വ്യസനിക്കുകയുമില്ല. അടുത്ത വചനത്തിൽ പറയുന്നു, اٰمَنُوۡ അവർ പൂർണ്ണമായ വിശ്വാസം കൈകൊള്ളുന്നവരും یَتَّقُوۡنَ സൂക്ഷ്മത പാലിക്കുന്നവരായി നിലകൊള്ളുന്നവരുമാണ്. അല്ലാഹുവുമായി സുഹൃദ്ബന്ധം സ്ഥാപിക്കുന്നവരെ അവനും മിത്രമാക്കുകയും അവർക്ക് ഇഹലോകത്തും പരലോകത്തും സന്തോഷവാർത്തകൾ നൽകികൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. ഇത് അല്ലാഹു തന്റെ മിത്രങ്ങൾക്കും യഥാർത്ഥ വിശ്വാസികൾക്കും നൽകുന്ന പാരിതോഷികങ്ങളുടെ ഒരു തുടർച്ചയാണ്. അതായത് ഒരു സത്യവിശ്വാസിയുടെ അല്ലാഹുവുമായുള്ള ബന്ധം കണക്കിലെടുത്ത് അല്ലാഹു അവനുമായി സദ്ഭാവന വെച്ചു പുലർത്തുമ്പോൾ ചില വിഷമഘട്ടങ്ങൾ തരണം ചെയ്യേണ്ടി വന്നാലും പരീക്ഷണങ്ങൾ നേരിടേണ്ടിവന്നാലും യഥാർത്ഥത്തിൽ നഷ്ടങ്ങളൊന്നുമുണ്ടാവില്ല എന്ന് അവന് ആശ്വസിക്കാവുന്നതാണ്. ആപൽഘട്ടങ്ങൾ തരണം ചെയ്യേണ്ടതായി വന്നേക്കാം പരീക്ഷണങ്ങളുണ്ടാവാം എന്നാൽ ഒരു യഥാർത്ഥ വിശ്വാസിയെ സംബന്ധിച്ചേടത്തോളം ഈ ലോകത്ത് ഭൗതീകമായ എന്തെങ്കിലും കഷ്ടനഷ്ടങ്ങൾ സംഭവിച്ചാലും അല്ലാഹു തന്റെ അനുഗ്രഹത്താൽ അത് നികത്തിത്തരുന്നതാണ് എന്ന് ആശ്വസിക്കാം. ഇനി ജീവനഷ്ടമാണ് സംഭവിക്കുന്നതെങ്കിൽ പോലും പരലോകത്ത് അല്ലാഹു തന്റെ വാഗ്ദാനപ്രകാരം പാരിതോഷികങ്ങൾ നൽകുന്നതാണ്. ആ പാരിതോഷികങ്ങൾ നമ്മുടെ ചിന്തകൾക്കതീതമായതായിരിക്കും. എന്നാൽ അല്ലാഹു വെച്ചിരിക്കുന്ന പ്രഥമമായ നിബന്ധന അവനുമായുള്ള സുഹൃദ്ബന്ധത്തിന്റെ എല്ലാ കടമകളും പൂർത്തിയാക്കുക എന്നതാണ്. ഭൗതിക സുഹൃത്തുക്കൾക്ക് വേണ്ടി പലപ്പോഴും നാം വലിയ വലിയ ത്യാഗങ്ങൾ ചെയ്യുന്നു. അല്ലാഹുവിന്റെ മിത്രമാകാൻ, പരിപൂർണ്ണമായി അവന്റെ കടമകൾ പൂർത്തിയാക്കാൻ എല്ലായ്പ്പോഴും തയ്യാറാവുക മാത്രമല്ല സ്നേഹവായ്പ്പോടെ അവന്റെ ഓരോ കൽപനകൾക്കും ലബ്ബൈക്ക് പറഞ്ഞ്കൊണ്ട് പ്രവർത്തനനിരതരാകേണ്ടതുമാവശ്യമാണ്. ഇത്തരത്തിലുള്ള അല്ലാഹുവിന്റെ മിത്രങ്ങളെ സംബന്ധിച്ചേടത്തോളം അല്ലാഹുവുമായുള്ള ബന്ധം വിച്ഛേദിക്കപ്പെടുമോ എന്ന ഭയം ഉണ്ടാകുമ്പോൾ ബാഹ്യമായ മറ്റെല്ലാ ഭയപ്പാടുകളിൽ നിന്നും അല്ലാഹു അവരെ സംരക്ഷിക്കുന്നതായിരിക്കും.

ഇമാം റാസി എഴുതുന്നു. **അൽ ഖൗഫുമിനല്ലാഹ്.** അല്ലാഹുവിനെ ഭയപ്പെടുക എന്നതിന്റെ അർത്ഥം തിന്മകളിൽ നിന്ന് രക്ഷപ്പെടുകയും അനുസരണശീലരാവുകയും പരിപൂർണ്ണമായി ആരാധനാകാര്യങ്ങളിലേക്ക് ശ്രദ്ധിക്കുകയും ചെയ്യുക എന്നതാണ് . പ്രയത്നമില്ലാതെ അല്ലാഹുവിന്റെ മിത്രം എന്ന പദവി ലഭിക്കുന്നതല്ല.

അല്ലാഹു ഒരു സ്ഥലത്ത് പറയുന്നു.

تَتَجَافٰی جُنُوۡبُہُمۡ عَنِ الۡمَضَاجِعِ یَدۡعُوۡنَ رَبَّہُمۡ خَوۡفًا وَّطَمَعًا ۫ وَّمِمَّا رَزَقۡنٰہُمۡ یُنۡفِقُوۡنَ ﴿۱۷﴾

(32:17)

അതായത് (ദൈവികശിക്ഷയെ) ഭയപ്പെട്ട് കൊണ്ടും (ദൈവകാരുണ്യത്തെ) ആഗ്രഹിച്ചുകൊണ്ടും തങ്ങളുടെ നാഥനോട് പ്രാർത്ഥിച്ച് കൊണ്ട് അവരുടെ ശരീരഭാഗങ്ങൾ ശയ്യാതലങ്ങളിൽ നിന്ന് അകന്ന് കൊണ്ടിരിക്കുന്നതാണ്. (രാത്രിയിൽ നഫൽ നമസ്കാരത്തിനായി അവർ കിടക്കകൾ ഉപേക്ഷിക്കുന്നു). നാം അവർക്ക് നൽകിയതിൽ നിന്ന് അവർ ചെലവഴിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

അല്ലാഹു തന്റെ മിത്രങ്ങളുടെ ഭയത്തെ ഇല്ലാതാക്കുന്നതിന്റെ കാരണം അവർ എപ്പോഴും അല്ലാഹുവിനെ മാത്രമേ ഭയപ്പെടുകയുള്ളൂ. ബാഹ്യമായ ഭയവിഹ്വലതകൾക്ക് അവരുടെ ജീവിതത്തിൽ ഒരുവിധ പ്രാധാന്യവും കൽപിക്കാറില്ല. ഭാവിയെക്കുറിച്ച് യാതൊരു ഭയവും ഉണ്ടാകുകയില്ലെന്ന് മാത്രമല്ല, അവരുടെ ലക്ഷ്യം ഒരിക്കലും ഭൗതികതയല്ല. അല്ലാഹുവിന്റെ തൃപ്തിയാണ് അവരുടെ ലക്ഷ്യം. അവരെ വീണ്ടും സമാശ്വസിപ്പിച്ചുകൊണ്ട് പറയുന്നു.
وَلَا ہُمۡ یَحۡزَنُوۡنَ (10:63) കഴിഞ്ഞ് പോയ കാര്യങ്ങളോർത്ത് അവർ വ്യസനിക്കുകയുമില്ല. അതായത്. അല്ലാഹു ഒരാളുടെ തെറ്റുകുറ്റങ്ങൾ മാപ്പ് ചെയ്ത് കൊടുത്ത് കൊണ്ട് തന്റെ മിത്രമാക്കുമ്പോൾ കഴിഞ്ഞ് പോയ തെറ്റുകളുടെയും വ്യസനങ്ങളുടെയും പ്രഭാവങ്ങളിൽ നിന്ന് അവരെ സംരക്ഷിക്കുന്നു. അല്ലാഹു ഒരാളെ തന്റെ മിത്രമാക്കുമ്പോൾ ആ മിത്രം അല്ലാഹുവുമായി ബന്ധത്തിന്റെ കടമകൾ പൂർത്തിയാക്കുന്നുവെങ്കിൽ അല്ലാഹു ഭാവിയിൽ അനുഗ്രഹങ്ങൾ വാഗ്ദാനം ചെയ്യുന്നതോടൊപ്പം കഴിഞ്ഞ്പോയ തെറ്റുകുറ്റങ്ങൾ കഴുകിക്കളയുന്നതാണെന്ന ഉറപ്പും നൽകുന്നു. ഈ ലോകത്തുള്ള ഒരു ശക്തിക്കും ഇത്തരത്തിലുള്ള ഉന്നതമായ വാഗ്ദാനങ്ങൾ നൽകാൻ സാധിക്കുകയില്ല. അവർക്കതിനുള്ള കഴിവുമില്ല. എത്ര പ്രിയനായ അല്ലാഹുവാണ് നമുക്കുള്ളത്. അവൻ എല്ലാവിധ ശക്തികളുടെയും ഉടമസ്ഥനാണ്. അവനുമായി ബന്ധം സ്ഥാപിച്ചുകഴിഞ്ഞാൽ മനുഷ്യൻ എല്ലാവിധ ഭയവിഹ്വലതകളിൽ നിന്നും വ്യസനങ്ങളിൽനിന്നും സ്വതന്ത്രനാകുന്നു. എന്നാൽ പരിതാപകരമെന്ന് പറയട്ടെ. ലോക

ത്തിലെ വലിയൊരു ഭാഗം ആളുകൾ അല്ലാഹുവിന്റെ വാതിലുകൾ ഉപേക്ഷിച്ച് കൊണ്ട് മറ്റുള്ളവരുടെ വാതിലുകളിൽ മുട്ടുന്നവരാണെന്ന് മാത്രമല്ല അതിക്രമത്തിൽ മുഴുകിയവരുമാണ്. അല്ലാഹുവിനെതിരിൽ ഗ്രന്ഥങ്ങൾ എഴുതപ്പെടുകയും അവന്റെ അസ്ഥിത്വത്തെപ്പോലും ചോദ്യം ചെയ്യുന്നു. അല്ലാഹുവുണ്ടോ ഇല്ലേ എന്ന കാര്യത്തിൽ പോലും അവർക്ക് സംശയമാണ്. അല്ലാഹുവിന്റെ കടമകൾ പൂർത്തീകരിക്കുന്ന കാര്യത്തിലോ ആരാധനകൾ നിർവ്വഹിക്കുന്നതിലോ അവർക്ക് ശ്രദ്ധയില്ല. ലോകത്തുള്ള ഭൂരിപക്ഷം ആളുകളും അതിനെക്കുറിച്ച് ചിന്തിക്കാൻ പോലും തയ്യാറല്ല എന്നതാണ് വാസ്തവം. തൽഫലമായി മനുഷ്യൻ അഗ്നികുണ്ഡത്തിന്റെ സമീപത്തേക്ക് വളരെ വേഗത്തിൽ അടുത്ത് കൊണ്ടിരിക്കുകയാണ്. വളരെ ഭയപ്പെടേണ്ട ഒരു സ്ഥാനമാണിത്. അതുകൊണ്ട് ഇക്കാര്യത്തിൽ വളരെയധികം ശ്രദ്ധയും ഇസ്തിഗ്ഫാറും ആവശ്യമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) لَاخَوْفٌ عَلَيْهِمْ وَلَاهُمْ يَحْزَنُوْنَ എന്നതിനെ വിശദീകരിച്ച് കൊണ്ട് പറയുന്നു.

അല്ലാഹു സത്യവിശ്വാസികളെ തന്റെ മിത്രങ്ങളെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ അവൻ സ്വാശ്രയനാണ്. അവന് ആരുടെയും ആവശ്യമില്ല. അല്ലാഹു ദാസനെ തന്റെ സുഹൃത്ത് എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അവനതിന്റെ ആവശ്യമേയില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ **വലം യകുൻലഹു വലിയ്യുൻ** അതായത് അല്ലാഹു തന്റെ ആവശ്യങ്ങൾക്കായി ആരേയും സുഹൃത്താക്കാറില്ല. തന്റെ അനുഗ്രഹങ്ങൾ പ്രദാനം ചെയ്തും പാരിതോഷികങ്ങൾ നൽകിയും ദാസനെ തന്റെ സമീപസ്ഥനാക്കുന്നു. അവന് ഒരു വിധത്തിലുമുള്ള ആവശ്യങ്ങളുമില്ല. ഈ സുഹൃദ്ബന്ധത്തിന്റെയും സാമീപ്യത്തിന്റെയും പ്രയോജനം മനുഷ്യനാണ് ലഭിക്കുന്നത്. ഓർമവെച്ചുകൊള്ളുക. അല്ലാഹു മനുഷ്യനെ തെരഞ്ഞെടുക്കുന്നത് മനുഷ്യന് അവനുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ്. അത് അല്ലാഹുവിന്റെ പ്രകൃതിയുമായി ബന്ധപ്പെട്ട കാര്യമാണ്. ഒരാൾ തന്റെ കഴിഞ്ഞകാല ജീവിതത്തിൽ നിസ്സാരമോ സങ്കീർണ്ണമോ ആയ തിന്മകൾ ചെയ്തിട്ടുണ്ടാവാം. എന്നാൽ അല്ലാഹുവുമായി സത്യസന്ധമായ ഒരു ബന്ധമുണ്ടാകുമ്പോൾ മുൻകഴിഞ്ഞ എല്ലാ തിന്മകളും പൊറുക്കപ്പെടുന്നതാണ്. പിന്നീട് അവനെ ഈ ലോകത്തും പരലോകത്തും ലജ്ജിതനാക്കുകയില്ല.അല്ലാഹു എത്ര വലിയ ഔദാര്യമാണ് നമ്മോട് ചെയ്യുന്നത്. നമുക്ക് ഒരു പ്രാവശ്യം വിട്ട്‌വീഴ്ച ചെയ്ത് തരികയും പൊറുത്ത് തരികയും ചെയ്താൽ പിന്നെ അതിനെക്കുറിച്ച് യാതൊന്നും അവൻ പറയുന്നില്ല. ദാസന്റെ തെറ്റുകളെ അവൻ മറയ്ക്കുന്നു. എന്നാൽ അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് ഇത്രയധികം നന്മകളും അനുഗ്രഹങ്ങളുമുണ്ടായിട്ടും മനുഷ്യൻ കാപട്യം നിറഞ്ഞ ജീവിതമാണ് കാഴ്ചവെക്കുന്നതെങ്കിൽ അത് വളരെ വലിയ നിർഭാഗ്യവും നഷ്ടവുമായിരിക്കും.

പറയുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരഗതമാക്കാൻ ഹൃദയശുദ്ധിയും വളരെയധികം ആവശ്യമാണ്. ഹൃദയം ശുദ്ധമല്ലെങ്കിൽ പിന്നെ ഒന്നും തന്നെ ഉണ്ടാകുന്നതല്ല. അല്ലാഹു നമ്മുടെ ഹൃദയത്തെ വീക്ഷിക്കുമ്പോൾ ഒരു ഭാഗത്തും കാപട്യത്തിന്റെ ഒരംശം പോലും ഉണ്ടാകാൻ പാടില്ല. ഈ അവസ്ഥ സംജാതമായിക്കഴിഞ്ഞാൽ അല്ലാഹുവിൽ നിന്ന് പല ദൃഷ്ടാന്തങ്ങളും ഉണ്ടാകാൻ തുടങ്ങുന്നു. മനുഷ്യന്റെ ഹൃദയത്തിൽ ഒരു വിധത്തിലുള്ള കപടതയും ഉണ്ടാവാൻ പാടില്ല. ഇങ്ങനെയാവുമ്പോൾ കാര്യങ്ങൾ നേരെയാവുന്നു. അതിന്നായി ഇബ്റാഹിം നബി (അ) തന്റെ സത്യസന്ധത പ്രകടമാക്കിയതു പോലെ,നബി(സ)കാണിച്ച മാതൃകകളുടെ അടിസ്ഥാനത്തിൽ വിശ്വസ്ഥതയും സത്യസന്ധതയും കൈമുതലാക്കേണ്ടതാണ്. മനുഷ്യൻ ഈ മാതൃകകളെ പിൻപറ്റുമ്പോൾ അനുഗ്രഹീതനാവുന്നു. അവന് ഇഹലോക ജീവിതത്തിൽ യാതൊരു അപമാനവുമുണ്ടാവുകയില്ല. അവന് ഒരു വിധത്തിലുമുള്ള ബുദ്ധിമുട്ടുകളും നേരിടേണ്ടിവരുന്നതല്ല. അവന്‌വേണ്ടി അല്ലാഹുവിന്റെ അനുഗ്രഹ കവാടങ്ങൾ തുറക്കപ്പെടുന്നതായിരിക്കും. അവന്റെ പ്രാർത്ഥനകൾക്ക് അല്ലാഹു ഉത്തരം നൽകുന്നതായിരിക്കും. അവനെ ഒരിക്കലും ശപിക്കപ്പെട്ട ജീവിതത്തിലകപ്പെടുത്തി നശിപ്പിക്കുകയില്ല. അവന്റെ പര്യവസാനം എപ്പോഴും ശുഭമായിരിക്കും. ചുരുക്കത്തിൽ അല്ലാഹുവുമായി പരിപൂർണ്ണവും സത്യസന്ധവുമായ ബന്ധം സ്ഥാപിക്കുന്നവരുടെ എല്ലാ ആഗ്രഹങ്ങളും അല്ലാഹു സഫലമാക്കുന്നു. ഒന്നും തന്നെ തള്ളിക്കളയുന്നതല്ല. മേൽ വചനങ്ങളുമായി ബന്ധപ്പെട്ട മറ്റൊരു വചനത്തിൽ അല്ലാഹു പറയുന്നു.

اَلَّذِيْنَ اٰمَنُوْا وَكَانُوْا يَتَّقُوْنَ ۝٦٤ (10:64)

അതായത് വിശ്വസിക്കുന്നവരും സൂക്ഷ്മത പാലിക്കുന്നവരുമാണവർ. ഇവരും അല്ലാഹുവിന്റെ മിത്രങ്ങളാണ്. ഇതാണ് അല്ലാഹുവിന്റെ മിത്രങ്ങളുടെ പ്രത്യേകതകളും മറ്റ് ഗുണങ്ങളും. അവർ എപ്പോഴും വിശ്വാസത്തിൽ വർദ്ധനവുണ്ടാക്കുന്നവരായിരിക്കും. ഭയഭക്തിയുടെ ഉന്നതമായ മാതൃകകൾ നിലനാട്ടുന്നവരായിരിക്കും.

ഒരു ഹദീസിൽ വരുന്നു. നബി (സ) അരുൾ ചെയ്തു. ഖിയാമത്ത് നാളിൽ അല്ലാഹുവിന്റെ (ഔലിയാക്കളെ) മിത്രങ്ങളെ അവന്റെ മുമ്പിൽ കൊണ്ടുവരപ്പെടുന്നതായിരിക്കും. അവരെ മൂന്ന് വിഭാഗങ്ങളാക്കി നിർത്തുന്നതായിരിക്കും. ആദ്യം ഒന്നാമത്തെ വിഭാഗത്തിൽപ്പെട്ട ഒരാളെ വിളിച്ച് അല്ലാഹു ചോദിക്കും എന്റെ ദാസാ നീ സൽക്കർമ്മങ്ങൾ ചെയ്തത് ഏത് ഉദ്ദേശത്തിലാണ് ? അവൻ പറയും അല്ലാഹുവേ നീ സ്വർഗ്ഗവും അതിലുള്ള വൃക്ഷലതാദികളും കായ്കനികളും മറ്റ് അരുവികളും തരുണീമണികളുമെല്ലാം നിന്നെ അനുസരിക്കുന്നവർക്കായി സൃഷ്ടിച്ചു. ഇത് കരഗതമാക്കാനായി ഞാൻ രാത്രികളിൽ എഴുന്നേറ്റ് നഫൽ നമസ്കാരങ്ങൾ അനുഷ്ഠിക്കുകയും വ്രതമനുഷ്ഠിക്കുകയും ചെയ്തു. അല്ലാഹു പറയും എന്റെ ദാസാ നീ സ്വർഗ്ഗപ്രാപ്തിക്ക് വേണ്ടിയാണ് ഈ സൽപ്രവൃത്തികൾ ചെയ്തത്. അതുകൊണ്ട് നീ ഈ സ്വർഗ്ഗത്തിൽ പ്രവേശിച്ചുകൊള്ളുക. ഞാൻ നിന്നെ അഗ്നിയിൽ നിന്ന് രക്ഷപ്പെടുത്തിയിരിക്കുന്നത് നിനക്ക് ലഭിച്ച അനുഗ്രഹമാണ്. അത്പോലെ നിന്നെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുക എന്നതും എന്റെ അനുഗ്രഹത്തിൽപ്പെട്ടതാണ്. അങ്ങനെ ആ വിഭാഗം സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടും. ആ വിഭാഗത്തിലെ ഒരു പ്രതിനിധിയെയാണ് അല്ലാഹു വിളിച്ചത്. പിന്നീട് രണ്ടാമത്തെ വിഭാഗത്തിൽ പെട്ട ഒരാളെ അല്ലാഹു വിളിക്കും. അദ്ദേഹത്തോടും അല്ലാഹു ഏതു ഉദ്ദേശ്യത്തിലാണ് നീ നന്മകൾ ചെയ്തതെന്ന് ചോദിക്കും. അവൻ മറുപടി പറയും അല്ലാഹുവേ നീ സൃഷ്ടിച്ച നരകവും അതിലെ ജ്വലിച്ചുയരുന്ന അഗ്നിയും ചൂടുകാറ്റും ചൂടുവെള്ളവുമൊക്കെ നിന്നെ ധിക്കരിക്കുന്നവർക്കും എതിർക്കുന്നവർക്കുമായി നീ സൃഷ്ടിച്ചു. ഞാൻ ഇതിനെ ഭയപ്പെട്ട് കൊണ്ട് രാത്രികളിൽ എഴുന്നേറ്റ് നഫൽ നമസ്കാരങ്ങൾ അനുഷ്ഠിക്കുകയും പകൽ നോമ്പനുഷ്ഠിക്കുകയും ചെയ്തു. അല്ലാഹു പറയും എന്റെ ദാസാ നീ ഈ പ്രവൃത്തികൾ എന്റെ അഗ്നിയെ ഭയപ്പെട്ടു കൊണ്ടാണ് ചെയ്തത്. ഞാൻ നിന്നെ തീയിൽ നിന്ന് സ്വതന്ത്രനാക്കിയിരിക്കുന്നു. എന്റെ അനുഗ്രഹത്താൽ നിന്നെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്. ആ പ്രതിനിധി തന്റെ കൂട്ടുകാരോടൊപ്പം സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതായിരിക്കും. പിന്നീട് മൂന്നാമത്തെ

വിഭാഗത്തിൽപ്പെട്ട ഒരാളെ കൊണ്ടുവരപ്പെടും. അയാളോടും അല്ലാഹു ചോദിക്കും നീ ഏത് ഉദ്ദേശ്യത്തിലാണ് നന്മകൾ ചെയ്തത്. അവൻ പറയും അല്ലാഹുവേ, നിന്നോടുള്ള സ്നേഹം കൊണ്ടും നിന്നെ ലഭിക്കണം എന്ന ആഗ്രഹത്തിലുമാണ് ഞാൻ നന്മകൾ ചെയ്തത്. ഞാൻ നിന്റെ സ്നേഹം മാത്രം മുന്നിൽ കണ്ട് രാത്രികളിൽ നഫൽ നമസ്കരിക്കുകയും നോമ്പ് അനുഷ്ഠിക്കുകയും ചെയ്തു. അത്യുന്നതനും അനുഗ്രഹീതനുമായ അല്ലാഹു അവനോട് പറയും. നീ ചെയ്ത പ്രവൃത്തികളത്രയും എന്നോടുള്ള സ്നേഹം കൊണ്ടും എന്റെ കൂടിക്കാഴ്ചക്കും വേണ്ടിയായിരുന്നു. നിന്റെ പ്രതിഫലം ഞാനിതാ നൽകുന്നു. അവനായി പ്രത്യേകമായ ദൃഷ്ടാന്തം കാണിക്കുന്നതായിരിക്കും. തന്റെ മുഖത്തുള്ള മൂടുപടങ്ങൾ മാറ്റി അവന് മുമ്പിൽ വന്ന്കൊണ്ട് പറയും ഇതാ ഞാൻ നിന്റെ മുമ്പിൽ തന്നെയുണ്ട്. എന്നിലേക്ക് നോക്കുക. എന്നിട്ട് പറയും ഞാനെന്റെ അനുഗ്രഹത്താൽ നിന്നെ നരകത്തിൽ നിന്ന് രക്ഷിച്ചിരിക്കുന്നു. സ്വർഗ്ഗം നിനക്കായി നൽകുന്നതാണ്. നിന്നിലേക്ക് മലക്കുകളെ അയക്കുന്നതാണ്. ഞാൻ തന്നെ നിനക്ക് സലാം അറിയിക്കുകയും ചെയ്യുന്നതാണ്. തന്റെ കൂട്ടുകാരോടൊപ്പം ആ പ്രതിനിധിയും സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതായിരിക്കും

ഈ മൂന്ന് വിഭാഗത്തിൽപെട്ട ആളുകളും സൽപ്രവർത്തനങ്ങളിൽ മുഴുകുകയും തൽഫലമായി അല്ലാഹുവിന്റെ മിത്രങ്ങളുടെ ഗണത്തിൽ ഉൾപ്പെടുകയും ചെയ്തു. ഈ സുദീർഘമായ ഹദീസ് ഇബ്നെ കഥീറിന്റെതാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) തഫ്സീർ കബീറിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഹദീസിൽ ഔലിയാക്കളുടെ വിവിധ വിഭാഗങ്ങളെക്കുറിച്ചാണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്. ഒന്ന് സ്വർഗ്ഗത്തെ ആഗ്രഹിക്കുന്നവരും അത് കരസ്ഥമാക്കാനായി പ്രവർത്തിക്കുന്നവരും രണ്ടാമത്തേത് നരകത്തെ ഭയപ്പെടുന്നവരും അതിൽ നിന്ന് രക്ഷപ്പെടാൻവേണ്ടി സൽപ്രവൃത്തികൾ ചെയ്യുന്നവരും മൂന്നാമത്തേത് അല്ലാഹുവിന്റെ സ്നേഹത്തിൽ ലയിച്ചവരുമാണ്. മൂന്ന് വിഭാഗങ്ങൾക്കും സ്വർഗ്ഗത്തിൽ പ്രവേശിക്കാനായി അല്ലാഹു അനുവാദം നൽകുമ്പോൾ അവരോട് പറയുന്നത് ഇത് നിങ്ങളുടെ സൽക്കർമ്മങ്ങളുടെ ഫലമായി നൽകുന്നതല്ല. എന്റെ അനുഗ്രഹത്താലാണ് എല്ലാം നൽകുന്നത്. ഓരോ വിഭാഗത്തിലുമുള്ള ഓരോ പ്രതിനിധികൾ വരുന്നു. അവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരഗതമാക്കി കൂട്ടുകാരോടൊന്നിച്ച് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നു. അവസാനത്തെ വിഭാഗം അല്ലാഹുവിന്റെ സ്നേഹത്തിൽ ലയിച്ചവരായിരുന്നു. ആ വിഭാഗത്തിന്റെ നേതാവ് തീർച്ചയായും റസൂൽ(സ) തന്നെയായിരിക്കും. മരണസമയത്തും അങ്ങ് ഉരുവിട്ട് കൊണ്ടിരുന്ന വാക്കുകൾ നിവേദനങ്ങളിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നത് അർറഫീഖുൽ അഅ്ലാ, റഫീഖുൽ അഅ്ലാ എന്നായിരുന്നു. ഈ വാക്കുകൾ മരണസമയത്ത് ഉരുവിടുക എന്നത് തന്നെ അങ്ങയ്ക്ക് എപ്പോഴും അല്ലാഹുവിന്റെ സ്നേഹം മാത്രം മതിയായിരുന്നു എന്നതിനുള്ള തെളിവാണ്. ആ സ്നേഹത്തിന്റെ ഏറ്റവും ഉന്നതമായ സ്ഥാനത്താണ് അങ്ങ് വിരാജിച്ചിരുന്നത്. അല്ലാഹുവിന്റെ മിത്രങ്ങളുടെയും വിവിധ വിഭാഗങ്ങളുണ്ട്. എന്നാൽ അടിസ്ഥാനപരമായ കാര്യങ്ങൾ വിശ്വാസവും ഭയഭക്തിയിലുള്ള പുരോഗതിയുമാണ്. അല്ലാഹുവിന്റെ മിത്രങ്ങളായ നബിമാരുടെ വിശ്വാസം എപ്പോഴും പൂർണ്ണമായിരിക്കും. അവർ ഭയഭക്തിയുടെ ഉത്തമമാതൃക കാണിക്കുന്നവരായിരിക്കും. അതിന് ഏറ്റവും ഉന്നതമായ ഉദാഹരണം ഹദ്റത്ത് റസൂൽ (സ) ആണ്. ഇത് കൂടാതെ അല്ലാഹുവിന്റെ മിത്രങ്ങളെക്കുറിച്ച് ഹദീസുകളിൽ മറ്റ് പല നിവേദനങ്ങളും കാണാം. അതായത് അല്ലാഹുവിന്റെ മിത്രങ്ങളാവാൻ പ്രാപ്തരായവർ ആരാണെന്നും ഈ പദവികൾ കരസ്ഥമാക്കാനുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണ് എന്നെല്ലാം കാണാവുന്നതാണ്

മസ്നദ് അഹ്മദ് ബിൻ ഹംബലിൽ ഒരു ഹദീസ് ഇപ്രകാരമാണ് ഹദ്റത്ത് അമർ ബിൻ അൽ ജുനൂസ് നിവേദനം ചെയ്യുന്നു. നബി (സ) ഇപ്രകാരം പറയുന്നതായി കേട്ടു , ദാസൻ അല്ലാഹുവിന് വേണ്ടി ഒരാളെ സ്നേഹിക്കുകയും വെറുക്കുകയും ചെയ്യാത്തതു വരെ പരിശുദ്ധമായ വിശ്വാസത്തിനുടമയാകുകയില്ല.

അല്ലാഹുവിന് വേണ്ടി മാത്രം ആരെയെങ്കിലും സ്നേഹിക്കുകയും വെറുക്കുകയും ചെയ്യുമ്പോഴാണ് അവന് അല്ലാഹുവിന്റെ മിത്രമെന്ന് അവകാശപ്പെടാൻ അർഹതയുള്ളൂ.

അരുൾ ചെയ്യുന്നു.എന്റെ ദാസന്മാരിൽ നിന്ന് എന്റെ മിത്രങ്ങളിൽ നിന്നും എന്റെ സൃഷ്ടികളിൽ നിന്ന് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടവർ എന്നെ സ്മരിക്കുന്നവരാണ്. ഞാനും അവരെ സ്മരിക്കുന്നു.

ഈ ഹദീസിൽ പരിശുദ്ധമായ വിശ്വാസത്തിന്റെ അടയാളമായിപ്പറഞ്ഞിരിക്കുന്നത് അവരുടെ എല്ലാ പ്രവർത്തനങ്ങളും അതായത് അവരുടെ ഇഷ്ടാനിഷ്ടങ്ങളെല്ലാം അല്ലാഹുവിന്റെ തൃപ്തിയ്ക്ക് വേണ്ടിയായിരിക്കും. വ്യക്തിപരമായി അവർക്ക് വിദ്വേഷമോ ശത്രുതയോ ഉണ്ടായിരിക്കുകയില്ല. മനുഷ്യൻ ഇക്കാര്യത്തിൽ തന്നെക്കുറിച്ച് ആത്മപരിശോധന നടത്തുമ്പോൾ ഭയത്താൽ വിറച്ചുപോകുന്നു. അതായത് ഒരു ഭാഗത്ത് നാം അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് പ്രവർത്തിക്കുന്നവരാണെന്ന് അവകാശവാദമുന്നയിക്കുന്നു. എന്നാൽ മറുഭാഗത്ത് ഒരുപാടാളുകൾ വ്യക്തിപരമായ വെറുപ്പും വിദ്വേഷവും അസൂയയും നിറഞ്ഞവരാണ്. ആരിലെങ്കിലും ഒരു തെറ്റ് കണ്ട് കഴിഞ്ഞാൽ അത് പൊറുത്ത് കൊടുക്കാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ അല്ലാഹുവിലുള്ള വിശ്വാസത്തിൽ മാറ്റമുണ്ടായി അവന്റെ തൃപ്തി ലഭിച്ചു കഴിഞ്ഞാൽ അവൻ അല്ലാഹുവിന്റെ സുഹൃത്താകുന്നു.

ഇത്പോലെ മറ്റൊരു ഹദീസ് മുസ്നദ് അഹ്മദ് ബിൻ ഹംബലിൽ ഉള്ളതാണ്. ഹദ്റത്ത് അബൂഹുറൈറ നിവേദനം ചെയ്യുന്നു. നബി (സ) അരുൾ ചെയ്തു. അല്ലാഹു നിങ്ങൾക്കായി മൂന്ന് കാര്യങ്ങൾ ഇഷ്ടപ്പെടുകയും മൂന്ന് കാര്യങ്ങളെ അനിഷ്ടകരമാക്കുകയും ചെയ്തിരിക്കുന്നു. ഇഷ്ടപ്പെട്ട കാര്യങ്ങളിൽ നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുകയും അവന് പകരമായി ആരേയും ചേർക്കാതിരിക്കുകയും ചെയ്യുക. അല്ലാഹു ആരെയാണോ നിങ്ങളുടെ മേൽനോട്ടക്കാരനായി നിശ്ചയിച്ചിട്ടുള്ളത് അവർക്കായി നല്ലത് മാത്രം ആഗ്രഹിക്കുക. കൂടാതെ നിങ്ങൾ അല്ലാഹുവിന്റെ പാശത്തെ മുറുകെപ്പിടിക്കുക. പരസ്പരം ഭിന്നിക്കരുത്. അധികമായ ചോദ്യങ്ങളും മറ്റ് അനാവശ്യകാര്യങ്ങളും ധനത്തെ അനാവശ്യമായി നഷ്ടപ്പെടുത്തുന്നതും അനിഷ്ഠകരമായ കാര്യങ്ങളിൽപ്പെട്ടവയാണ്.

ഇതിൽ നിന്ന് അല്ലാഹുവിനെ ആരാധിക്കേണ്ട കാര്യം വളരെ വ്യക്തമാണ്. അതിൽ നിർബന്ധമായ ആരാധനകളുണ്ട്. നഫലിയായ (ഐച്ഛികമായ) ആരാധനകളുമുണ്ട്. എന്നാൽ ആരാധനകളുടെ കാര്യത്തിൽ ശ്രദ്ധ ചെലുത്താത്തവർ ഒരിക്കലും അല്ലാഹുവിന്റെ മിത്രങ്ങളാണെന്ന് ഒരുവിധത്തിലും പറയാവതല്ല. അവർ സത്യവിശ്വാസികളുമല്ല. വിശ്വാസത്തിലും അവരുടെ പാദങ്ങൾ പിന്നിലാണ്. അല്ലാഹു പറഞ്ഞിരിക്കുന്ന മറ്റൊരു പ്രധാനകാര്യം അവന് ഇഷ്ടപ്പെട്ട കാര്യങ്ങളിൽ ഒന്ന് അതായത് നിങ്ങളുടെ കാര്യങ്ങൾക്കായി ഒരാളെ മേൽനോട്ടക്കാരനായി നിയമിച്ചാൽ അവരുടെ നന്മമാത്രം ആഗ്രഹിക്കുക. ആരാണോ മേൽനോട്ടക്കാരാക്കപ്പെടുന്നത്, ജമാ

അത്ത് വ്യവസ്ഥിതിയുടെ ഭാഗത്ത് നിന്ന് നിശ്ചയിക്കപ്പെടുന്നവർ ഏത് പ്രവൃത്തിക്കായി നിയമിക്കപ്പെട്ടാലും ആ ഉദ്യോഗസ്ഥർ യഥാർത്ഥ വിശ്വാസികളുടെ മേൽനോട്ടക്കാരാണ്. അവരോട് പരിപൂർണ്ണമായ സഹകരണമുണ്ടായിരിക്കേണ്ടതും അവർക്ക് വേണ്ടി നന്മ മാത്രം ആഗ്രഹിക്കുകയും ചെയ്യേണ്ടത് ഒരു സത്യവിശ്വാസിയുടെ ബാദ്ധ്യതയാണ്. അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ച്കൊണ്ട് അല്ലാഹുവിന്റെ മിത്രമാകാൻ ആഗ്രഹിക്കുന്ന സാധാരണ വിശ്വാസികളെ സംബന്ധിച്ചേടത്തോളം അവന്റെ അനുസരണത്തിൽ ശ്രദ്ധ പതിപ്പിക്കാനും എല്ലാവിധ കുഴപ്പങ്ങളിൽ നിന്ന് പിന്മാറാനും പ്രേരിപ്പിക്കുന്നു.അത് പോലെ ഭാരവാഹികളും മേൽനോട്ടക്കാരും ആത്മപരിശോധന നടത്തേണ്ട സ്ഥലമാണിത്. ഭയപ്പെടേണ്ട സ്ഥാനമാണ്. അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ച്കൊണ്ട് ഒരാൾ നിങ്ങളുടെ നന്മ ആഗ്രഹിക്കുന്നവെങ്കിൽ നിങ്ങൾ അല്ലാഹുവിന്റെ തൃപ്തിക്ക് വേണ്ടി വളരെയധികം അല്ലാഹുവിനെ ഭയപ്പെട്ട്കൊണ്ട് നീതിയോട്കൂടി പ്രവർത്തിക്കേണ്ടത് ആവശ്യമാണ്. മേൽനോട്ടത്തിന്റെ കടമകൾ പൂർത്തിയാക്കേണ്ടതാണ്. നന്മ ആഗ്രഹിക്കുക എന്നത് ഒരു വിഭാഗത്തിന് മാത്രമുള്ളതല്ല. നീതിയുടെയും ന്യായത്തിന്റെയും ഉന്നതമായ മാതൃകകൾ നിലനാട്ടപ്പെടുമ്പോൾ ഉദ്ദേശ്യങ്ങൾ ശുദ്ധമായിരിക്കുകയും ഭാരവാഹികളും അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ച്കൊണ്ട് പ്രവർത്തിക്കുന്നവരായിരിക്കും. അപ്പോൾ തീർച്ചയായും കീഴിലുള്ളവരും അല്ലാഹുവിനെ ഭയപ്പെട്ട് കൊണ്ട് ഭാരവാഹികളുടെ നന്മ ആഗ്രഹിക്കുന്നവരായിരിക്കും. ഊഹങ്ങളിൽ നിന്നും തെറ്റിദ്ധാരണകളിൽ നിന്നും രക്ഷനേടാം. അങ്ങനെ ഒരു സ്നേഹാന്തരീക്ഷം ഉണ്ടാകുന്നതാണ്. പിന്നീട് പറഞ്ഞു. അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക. ഭിന്നിപ്പുണ്ടാക്കരുത്. ഇവിടെ വീണ്ടും സാധാരണ വിശ്വാസികളെ ഉണർത്തിക്കൊണ്ട് പറയുകയാണ്. നിങ്ങളുടെ ഇഷ്ടത്തിന് വിരുദ്ധമായ ചില കാര്യങ്ങൾ ഭാരവാഹികളിൽ നിന്നോ മേൽനോട്ടക്കാരിൽ നിന്നോ ഉണ്ടായാൽ പോലും നിങ്ങളുടെ ഭാഗത്ത് നിന്ന് കുഴപ്പമുണ്ടാകുന്നതായ ഒരു പ്രതികരണവും ഉണ്ടാകാൻ പാടില്ല. ഭാരവാഹികൾക്കും ഇതിൽ ചില നിർദേശങ്ങളുണ്ട്. അതായത് നിങ്ങളുടെ പ്രവർത്തനങ്ങൾ എപ്പോഴും ഭയഭക്തി പ്രകടമാക്കുന്ന വിധത്തിലായിരിക്കണം. അല്ലാഹുവിന്റെ പാശം നിർമ്മിക്കപ്പെട്ടിരിക്കുന്നത് തന്നെ സൽക്കർമ്മങ്ങളിലൂടെയും ഭയഭക്തിയിലൂടെയുമാണ്. ഇതിൽ നിങ്ങളുടെ സ്വയം താൽപര്യങ്ങളും മറ്റ് ദുഷ്പ്രവർത്തനങ്ങളും കാരണമായി കയർ ബലഹീനമായി ഈ കയർ പൊട്ടി, അല്ലെങ്കിൽ കയറിലുള്ള പിടുത്തം വിട്ട് അഗ്നികുണ്ഡത്തിൽ വീഴാനുള്ള സാധ്യതകൾ ഒരിക്കലും ഉണ്ടാക്കിത്തീർക്കരുത്. അല്ലാഹുവിന്റെ മിത്രങ്ങൾ അവന്റെ തൃപ്തി കരസ്ഥമാക്കാനായി തന്റെ കൂട്ടുകാരുടെ കൈപിടിച്ച് കൊണ്ട് അവരെ രക്ഷിക്കുകയാണ് ചെയ്യേണ്ടത്. പിന്നീട് പറഞ്ഞു. അനിഷ്ടകരമായ കാര്യങ്ങളിൽ നിന്ന് രക്ഷപ്പെടുക. എന്ത് കൊണ്ടെന്നാൽ ഇക്കാര്യങ്ങൾ അല്ലാഹുവിൽ നിന്ന് മനുഷ്യനെ ബഹുദൂരം അകറ്റുന്നു. അതിൽ അനാവശ്യമായ കാര്യങ്ങളും. മറ്റൊരാൾക്ക് മേൽ നടത്തുന്ന ആരോപണങ്ങളുമുണ്ട്. ഇത്തരം കാര്യങ്ങൾ അല്ലാഹുവിന്റെ പാശത്തെ മുറുകെപിടിച്ച കൈ അയഞ്ഞു പോകാൻ കാരണമാക്കുന്നു. പിന്നെ അധികമായ ചോദ്യങ്ങളും അനാവശ്യമായി ധനം ചെലവഴിക്കുന്നതും നിരോധിച്ചിരിക്കുന്നു. ഒരു മുഅ്മിൻ ഉള്ളത്കൊണ്ട് തൃപ്തിപ്പെടുന്നവനായിരിക്കണം. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനത്യാഗം ചെയ്യുന്ന കാര്യത്തിൽ ശ്രദ്ധയുണ്ടാവേണ്ടതാണ്. ഹദീസിൽ തന്റെ ദാസരുടെ സ്ഥാനത്തെ പറ്റി വ്യത്യസ്ഥമായ രീതിയിലാണ് പ്രതിപാദിച്ചിരിക്കുന്നത്. ഹദ്റത്ത് ഉമർ ബിൻ ഖത്താബ് (റ) അരുൾ ചെയ്യുന്നു. നബി (സ) ഇപ്രകാരം പറഞ്ഞു. അല്ലാഹുവിന്റെ ദാസരിൽ ചിലർ നബിയോ ശഹീദോ ആയിരിക്കില്ല. എന്നാൽ നബിമാരും ശുഹദാക്കളും പുനരുത്ഥാനനാളിൽ അല്ലാഹുവിന്റെ സന്നിധിയിൽ വെച്ച് ഈ വ്യക്തികളുടെ പദവി കണ്ട് അസൂയപ്പെടും. സഹാബാക്കൾ ചോദിച്ചു. യാറസൂലല്ലാഹ് അവർ ആരാണെന്ന് പറഞ്ഞ് തരുമോ. ഇവർ അല്ലാഹുവിന്റെ കാരുണ്യത്താൽ പരസ്പരം സ്നേഹിക്കുന്നവരാണ്. അവർ രക്തബന്ധുക്കളായത് കൊണ്ടോ പരസ്പരം നൽകുന്ന ധനം കൊണ്ടോ അല്ല ഇപ്രകാരം സ്നേഹിക്കുന്നത്. അല്ലാഹുവാണ് സത്യം അവരുടെ മുഖങ്ങളിൽ പ്രകാശമാണ്. അവർ എപ്പോഴും ആ പ്രകാശത്തിൽ നിലനിൽക്കുന്നവരാണ്. ജനങ്ങൾ ഭയപ്പെടുന്ന അവസരത്തിൽ ഇവർക്ക് യാതൊരുവിധ ഭയവുമുണ്ടാവുകയില്ല. ജനങ്ങൾ വ്യസനിക്കുമ്പോൾ ഇവർക്ക് യാതൊരുവിധ വ്യസനവുമുണ്ടായിരിക്കുന്നതല്ല. അങ്ങ് ഇപ്രകാരം ഓതിക്കേൾപ്പിച്ചു.

أَلَآ إِنَّ أَوْلِيَآءَ ٱللَّهِ لَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ (10:63)

അല്ലാഹുവിന്റെ ഈ മിത്രങ്ങളുടെ എല്ലാ അനക്കമടക്കങ്ങളും അല്ലാഹുവിന്റെ തൃപ്തിയിൽ അധിഷ്ഠിതമാണ്. അവന്റെ തൃപ്തിക്കായി എല്ലാവിധ സൽക്കർമ്മങ്ങളും ചെയ്യുമ്പോൾ തീർച്ചയായും അത്തരക്കാരെ നബിമാർ പോലും അസൂയയോട് നോക്കിക്കാണുന്നു. അല്ലാഹു അവരുടെ പിൻഗാമികളിൽ നിന്ന് അത്തരക്കാരെയാണ് നൽകിയത് അവർ നന്മയുടെ ഉന്നതമായ നില പ്രാപിച്ചവരാണ്. നബിമാരുടെ ആഗമനോദ്ദേശ്യം തന്നെ ആത്മീയവിപ്ലവം സൃഷ്ടിക്കുക എന്നതാണ്. അവരുടെ പിൻഗാമികൾ തങ്ങളിൽ ആത്മീയ വിപ്ലവം ഉണ്ടാക്കുമ്പോൾ നബിമാർ അത് വളരെയധികം ഇഷ്ടപ്പെടുന്ന കാര്യമാണ്. എന്നാൽ തങ്ങളുടെ പിൻഗാമികൾ നന്മകളിൽ വളരെ മുന്നിലാണ് എന്ന കാരണത്താലാണ് നബിമാർ സന്തോഷിക്കുന്നത്. ഞാൻ നേരത്തെ കേൾപ്പിച്ച ഹദീസിൽ നിന്നും വ്യക്തമാകുന്നത് അല്ലാഹുവിന്റെ മിത്രങ്ങളുടെ ഉന്നതമായ നിലവാരം നബിമാർക്കും ലഭിക്കുന്നു. അതിൽ ഏറ്റവും ഉന്നതമായത് റസൂൽ (സ) ന്റെ മാതൃകകളാണ്. ഈ കാലഘട്ടത്തിൽ റസൂൽ (സ) ന്റെ ആഗമനത്തിന് ശേഷമുള്ള അല്ലാഹുവിന്റെ മിത്രങ്ങൾ അങ്ങയുടെ ഉമ്മത്തിൽ ചേർന്ന്കൊണ്ട് അവന്റെ തൃപ്തി കരസ്ഥമാക്കാനായി എല്ലാവിധ സൽക്കർമ്മങ്ങളും ചെയ്യുന്നു. ഇക്കാരണത്താൽ അവർ തന്നെയാണ് അവന്റെ സാമീപ്യം പ്രാപിച്ചവർ. അവരുടെ എല്ലാ വിധ ഭയങ്ങളെയും വ്യസനങ്ങളെയും അല്ലാഹു ഇല്ലാതാക്കുന്നു. അവന്റെ തൃപ്തിക്കായി അല്ലാഹുവിന്റെയും അവന്റെ റസൂൽ (സ) ന്റെയും എല്ലാ കൽപനകളും ശ്രദ്ധിക്കേണ്ടതുണ്ട്. ഇതും ഒരു യഥാർത്ഥ സത്യവിശ്വാസിയുടെ പ്രവൃത്തിയിൽപ്പെട്ടതാണ്. അവസാന കാലഘട്ടത്തിൽ മസീഹ് മൗഊദ് (അ) നെ വിശ്വസിക്കുക എന്നതും അല്ലാഹുവിന്റെയും റസൂൽ (സ) ന്റെയും കൽപനകളിൽപ്പെട്ടതാണ്. ഹദീസിൽ വന്നത് പോലെ ഭിന്നിപ്പുണ്ടാക്കരുത് എന്നും അവന്റെ പാശത്തെ മുറുകെപിടിക്കുക എന്നുമുള്ള എല്ലാ കാര്യങ്ങളും നമുക്ക് മനസ്സിലാക്കിത്തരുന്നത് കക്ഷിപ്രതികക്ഷികളായി നിൽക്കുന്നവരുടെ സ്ഥിതിഗതികളിൽ മാറ്റം വരുത്തുക എന്നതാണ്. അല്ലാഹുവിനാൽ നിയോഗിതരായവർക്ക് മാത്രമേ അതിന് സാധിക്കുകയുള്ളൂ. അല്ലാഹുവിന്റെ മിത്രമെന്ന നിലയിൽ നന്മകളിൽ ഉന്നതമായ നിലവാരം കാഴ്ചവെച്ചവർക്കേ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഈ കാലഘട്ടത്തിൽ അല്ലാഹുവിന്നായി ഒരുമിച്ച് കൊണ്ട് പരസ്പരം സ്നേഹിക്കുന്ന ഒരു സംഘമാവുക. ഒരു കയ്യിൽ ഒരുമിച്ച് എല്ലാവിധ ഭയങ്ങളിൽ നിന്നും സമാധാനത്തിലേക്ക് വരിക

എന്നത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിനുള്ള വിശിഷ്ഠതയാണ്. അങ്ങനെയാണ് വേണ്ടതും. ഇത് ഒരു ഭാഗത്ത് അനഹ്മദികളെ സംബന്ധച്ചേടത്തോളം ചിന്തിക്കേണ്ട സ്ഥലമാണ്. അഹ്മദികളും ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടതാവശ്യമാണ്. അല്ലാഹുവിന്റെ തൃപ്തി കരഗതമാക്കാനായി സ്നേഹവും ജമാഅത്ത് വ്യവസ്ഥിതിയോടുള്ള ബഹുമാനവും അനുസരണയും ഖിലാഫത്തുമായുള്ള സുദൃഢമായ ബന്ധവും ഉണ്ടാക്കിയെടുക്കുകയെന്നത് വളരെ ആവശ്യമാണ്.

അടുത്ത ആയത്തിൽ അല്ലാഹു പറയുന്നു. ഇത്തരത്തിലുള്ളവർക്ക് സന്തോഷവാർത്തയുണ്ട്. അവർക്ക് ഇഹലോകത്തുള്ള പാരിതോഷികങ്ങൾ മാത്രമല്ല പരലോകത്തും അത് ലഭിക്കുന്നതാണ്. ഈ പാരിതോഷികങ്ങൾ ലഭിക്കുക എന്നത് ഒരു വിശ്വാസിയെ സംബന്ധിച്ചേടത്തോളം തന്റെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം കരഗതമാക്കുക എന്നത് കൂടിയാണ്. ഇതാണ് ഏറ്റവും മഹത്തരമായ വിജയം. ഈ സന്തോഷവാർത്തകൾ എങ്ങനെയാണ് ലഭിക്കുന്നത്? അതിന്റെ അർത്ഥതലങ്ങൾ എന്തൊക്കെയാണ് എന്നതിനെ പറ്റിയും ഹദീസുകളിൽ കാണാവുന്നതാണ്. ഒരു ഹദീസിൽ റസൂൽ (സ) അരുൾ ചെയ്തു.

لَهُمُ الْبُشْرٰى فِي الْحَيٰوةِ الدُّنْيَا وَفِي الْاٰخِرَةِ യിൽ സന്തോഷവാർത്ത എന്നതിന്റെ അർത്ഥം സത്യസന്ധമായ സ്വപ്നങ്ങളാണ്. ഇതിൽ ഒരു വിശ്വാസി താനുമായി ബന്ധപ്പെട്ട കാര്യങ്ങൾ സ്വയം കാണുന്നു. അല്ലെങ്കിൽ അയാളുമായി ബന്ധപ്പെട്ട കാര്യം മറ്റാരെങ്കിലും കാണുന്നു. ഇതുപോലെ മറ്റൊരു നിവേദനത്തിൽ പറയപ്പെടുന്നു. പരലോകത്തിലെ സന്തോഷവാർത്ത എന്നത് സ്വർഗ്ഗമാണ്. ഈ ലോകത്ത് ലഭിക്കുന്ന സന്തോഷവാർത്തകൾ എന്താണ്? അങ്ങ് പറഞ്ഞു. സത്യസന്ധമായ സ്വപ്നങ്ങളാണ്. അത് അവൻ സ്വയം കാണുകയോ മറ്റുള്ളവർ കാണുകയോ ചെയ്യുന്നു. ഈ സത്യസന്ധമായ സ്വപ്നങ്ങളിൽ പാരിതോഷികങ്ങളുടെ സന്തോഷവാർത്തകൾ ലഭിക്കുന്നു. ഈ ദർശനങ്ങൾ ഉദ്ദേശ്യങ്ങളിലധിഷ്ഠിധമായവയാണ്. അത് ചില അവസരങ്ങളിൽ ഭയത്തെ സമാധാനമാക്കി മാറ്റുന്നതിനെ പറ്റിയുള്ളതാവാം. പിന്നീട് അല്ലാഹു അത് പൂർത്തിയാക്കുന്നു. വിശ്വാസിയുടെ ഭയവിഹ്വലമായ ജീവിതത്തെ അല്ലാഹു സമാധാനപരമാക്കിമാറ്റുന്നു. ചിലപ്പോൾ പാരിതോഷികങ്ങളുടെ വരവുമായി ബന്ധപ്പെട്ടാകാം വിശ്വാസി എപ്പോഴും തന്റെ ജീവിതത്തിൽ അതിന്റെ അനുഭൂതി നുകരുന്നു. അത് ജമാഅത്തുമായി ബന്ധപ്പെട്ടതായിരിക്കും. എങ്ങനെയാണ് പാരിതോഷികങ്ങളുടെ പെരുമഴ വർഷിക്കുന്നതെന്ന് അറിയാൻ കഴിയുന്നു. അതിനെക്കുറിച്ച് അല്ലാഹു പല സന്ദർഭങ്ങളിലായി പറഞ്ഞു. ഈ പാരിതോഷികങ്ങളെക്കുറിച്ച് അവൻ വിശ്വാസികളെ അറിയിച്ച് കൊണ്ടിരിക്കുന്നു. കൂടാതെ മറ്റു പല സന്തോഷവാർത്തകൾ നിറഞ്ഞ സ്വപ്നങ്ങളുണ്ടാകാറുണ്ട്. അല്ലാഹു തന്റെ അനുഗ്രഹം വർഷിക്കുന്നു എന്ന് അതിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. എപ്പോഴും അവന്റെ സഹായം വിശ്വാസികളോടൊപ്പമുണ്ടായിരിക്കും. സത്യവിശ്വാസികളുടെ സംഘത്തിന്റെ എല്ലാ പ്രവൃത്തികളും അല്ലാഹുവിന്ന് വേണ്ടിയാവുമ്പോൾ അത് ഒരു സംഘടിത ശക്തിയാവുകയും അല്ലാഹുവിന്റെ മിത്രങ്ങളാവാൻ പരിശ്രമം നടത്തുകയും ചെയ്യുന്നു. പരസ്പരമുള്ള ഈ ബന്ധം അല്ലാഹുവിന്റെ തൃപ്തിയെ ലക്ഷ്യം വെച്ചുള്ളത് കൊണ്ട് സന്തോഷവാർത്തകളും ലഭിച്ചു കൊ ണ്ടിരിക്കുന്നു. ഇന്ന് നമുക്ക് ഈ സ്നേഹം ജമാഅത്തിന്റെയും ഖിലാഫത്തിന്റെയും സുദൃഢതയ്ക്കും അല്ലാഹുവിന്റെ തൃപ്തിക്കും വേണ്ടിയുള്ള ഒരു മാലാഖയാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അല്ലാഹു നമ്മുടെ വിശ്വാസദൃഢീകരണത്തിന്നായി വിശ്വാസികൾക്ക് സത്യസന്ധമായ സ്വപ്നങ്ങൾ കാണിക്കുന്നു. ഈ ശക്തിമത്തായ ബന്ധം തുടർന്ന് പോകുവോളം അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് സന്തോഷവാർത്തകളും ലഭിച്ചു കൊണ്ടിരിക്കും. അല്ലാഹുവിന്റെ സന്തോഷവാർത്തകൾ ഒരു വിശ്വാസിക്ക് മഹത്തായ വിജയം നൽകുന്നതാണ്. അതിലൂടെയാണ് വിശ്വാസവർദ്ധനവുണ്ടാകുന്നത്.

മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു.

വിശ്വാസികൾക്ക് ഈ ലോകത്തും പരലോകത്തും സന്തോഷവാർത്തകൾ ലഭിച്ചുകൊണ്ടിരിക്കും അതിലൂടെ അവർ ഇഹത്തിലും പരത്തിലും ദൈവജ്ഞാനത്തിന്റെയും സ്നേഹത്തി ന്റെയും രംഗങ്ങളിൽ അവിശ്വസനീയമായ പുരോഗതികൾ നേടുന്നവരായിരിക്കും. ഇത് അല്ലാഹുവിന്റെ വാക്കുകളാണ്. ഇത് ഒരിക്കലും ലംഘിക്കപ്പെടുകയില്ല. സന്തോഷവാർത്തകൾ കരഗതമാവുക എന്നത് തന്നെ മഹത്തായ വിജയമാണ്. ഇതിലൂടെ സ്നേഹത്തിന്റെയും ദൈവജ്ഞാനത്തിന്റെയും ഉന്നതമായ സ്ഥാനത്ത് എത്തിക്കുന്നു. ഈ കാര്യങ്ങളെ നാം മനസ്സിലാക്കുന്നവരാകട്ടെ. നമ്മുടെ വിശ്വാസത്തെയും ഭയഭക്തിയേയും ദൈവികജ്ഞാനത്തിന്റെയും സ്നേഹത്തിന്റെ യും ഉയർന്ന നിലവാരത്തിലെത്തിച്ച് കൊണ്ട് നാം മുന്നോട്ട് ഗമിക്കുന്നവരാകട്ടെ. നാം അവന്റെ തൃപ്തിയുടെ പര്യായമായ സ്വർഗ്ഗം കരസ്ഥമാക്കുന്നവരാകട്ടെ. നമ്മുടെ ഭയങ്ങളെ അവൻ സമാധാനമാക്കി മാറ്റട്ടെ. നമ്മുടെ തെറ്റുകളെയും ന്യൂനതകളെയും തന്റെ കാരുണ്യത്തിന്റെ പുതപ്പിൽ പൊതിഞ്ഞ്കൊണ്ട് നമ്മുടെ ദു:ഖങ്ങളെ അകറ്റുമാറാകട്ടെ, ആമീൻ.

**വിവർത്തനം**
മൗലവി എൻ. ശഫീഖ് അഹ്മദ് പത്തപ്പിരിയം
മുബല്ലിഗ്, കണ്ണൂർ സിറ്റി , **PHONE : 9895109624**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 13-11 - 2009 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**